**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**നടപടിക്രമം, തിരുവനന്തപുരം**

---

വിഷയം:- ആവഡ- ജീവനക്കാര്യം -പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിവപ്രസാദ് .പി.എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ,എറണാകുളം മുൻപാകെ ഫയൽ ചെയ്ത ഒ .എ (ഇ.കെ.എം ) 1530/2025 നമ്പർ കേസിന്മേലുള്ള 09/10/2025 ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു.

പരാമർശം:- 1 . ഒ .എ (ഇ.കെ.എം ) 1530/2025 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 09/10/2025 തീയതിയിലെ ഉത്തരവ്

2. പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് ഡോ.ശിവപ്രസാദ് .പി.എസ് സമർപ്പിച്ച Annexure A9 , Annexure A 10 പ്രകാരമുള്ള 17/8/2025, 15/9/2025 എന്നീ തീയതികളിലെ നിവേദനം

**ഉത്തരവ് നം:** ഇ.ബി 4-25552/24/ആവഡ**തീയതി:** 05-12-2025

---

പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ.ശിവപ്രസാദ് .പി.എസ് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിക്കുന്നതിനായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ 1530/2025 ഒ.എ (ഇ.കെ.എം )

നം.കേസ് ഫയൽ ചെയ്തിരുന്നു. ആയതിൽ പരാമർശം 1 പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബുണൽ പുറപ്പെടുവിച്ച വിധിയിൽ അപേക്ഷകൻ Annexure A9 , Annexure A 10 പ്രകാരം സമർപ്പിച്ച ഹർജി വിധി പകർപ്പ് ലഭ്യമായി ഒരു മാസത്തിനകം ഒന്നാം റെസ്പൊൺഡെൻറ് ആയ ആരോഗ്യവകുപ്പ് ഡയറക്ടർ പരിഗണിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു .

2. പരാമർശം 2 ലെ Annexure A9 , Annexure A 10 നിവേദനത്തിൽ താഴെപ്പറയുന്ന വാദങ്ങളാണ് അപേക്ഷകൻ ഉന്നയിച്ചിരിക്കുന്നത് .

താൻ 26-6-2008-ന് ആരോഗ്യ വകുപ്പിൽ പ്രവേശിച്ചതു മുതൽ തുടർച്ചയായി സേവനമനുഷ്ഠിച്ചു വരുന്നു. വകുപ്പ് നൽകിയ വിവിധ നിയമനങ്ങൾക്ക് അനുസരിച്ച് വിവിധ ആശുപത്രികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 2023-ൽ പള്ളുരുത്തി താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ആയി സേവനമനുഷ്ഠിക്കുന്ന വേളയിൽ അവിടെ ഏകദേശം അഞ്ച് വർഷം പൂർത്തിയാക്കിയ ശേഷം, സ്ഥലംമാറ്റത്തിനായി അപേക്ഷ സമർപ്പിച്ചു. മുൻഗണനാക്രമത്തിൽ നാല് സ്റ്റേഷനുകൾ സമർപ്പിച്ചിരുന്നു. ഒന്നാമത്തെ ഓപ്ഷൻ മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ആയിരുന്നു. എന്നാൽ, ആരോഗ്യവകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ, ഓപ്ഷൻ സമർപ്പിച്ച സ്ഥാപനങ്ങളിൽ പരിഗണിച്ചില്ല. എന്നാൽ ടി സ്ഥലംമാറ്റത്തിൽ തന്നെ ജില്ലാ ആശുപത്രി ഇരിഞ്ഞാലക്കുടയിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) ആയി സ്ഥലംമാറ്റി. താൻ ഇരിങ്ങാലക്കുട ജില്ലാ ആശുപത്രിയിൽ ജോയിൻ ചെയ്യുകയും 1 ഒരു വർഷം അവിടെ ജോലിയിൽ തുടരുകയും ചെയ്തു. ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) തസ്തികയിൽ 2024 ലെ ജനറൽ ട്രാൻസ്ഫറിൽ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് ഒരു ഓപ്ഷൻ മാത്രം നൽകി ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത ജനറൽ ട്രാൻസ്ഫറിലെ കരട് ഉത്തരവിലും തന്റെ ഓപ്ഷൻ പരിഗണിച്ചില്ല. എന്നിരുന്നാലും, അപ്പീൽ പരിഗണിച്ചതിന് ശേഷം 1-8-2024 ലെ ഉത്തരവിൽ തനിക്ക് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം

ലഭിച്ചു. എന്നാൽ സർക്കാരിന്റെ 25/7/2024-ലെ GO(RT) 1770/2024/H&FWD നമ്പർ ഉത്തരവ് പ്രകാരം തനിക്കു നാഷണൽ ഹെൽത്ത് മിഷനിൽ എറണാകുളം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ 1 വർഷത്തേക്ക് ഡെപ്യൂട്ടേഷൻ ലഭിച്ചു. ആയത് പ്രകാരം 01-08-2024-ന് ഡെപ്യൂട്ടേഷൻ പോസ്റ്റിൽ ചുമതലയേറ്റു. ആയതിനാൽ തനിക്ക്2024 പൊതുസ്ഥലംമാറ്റത്തിൽ അനുവദിച്ചിരുന്ന എറണാകുളം ജനറൽ ആശുപത്രിയിലേക്കുള്ള സ്ഥലംമാറ്റ ഉത്തരവ് റദ്ദായി. താൻ ഒരു വർഷത്തെ ഡെപ്യൂട്ടേഷൻ കാലാവധി 2025 ജൂലൈ 31-ന് പൂർത്തിയാക്കി. 01-08-2025 മുതൽ വകുപ്പിൽ റിജോയിൻ ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചു . 2024-പൊതുസ്ഥലംമാറ്റത്തിൽ തനിക്ക് ലഭ്യമാകേണ്ടിയിരുന്ന എറണാകുളം ജനറൽ ആശുപത്രിയിലേക്ക് നിയമനം നൽകുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ അലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലേക്കാണ് പുനഃപ്രവേശിക്കുന്നതിനായി ഉത്തരവ് നൽകിയത്. 01-08-2025-ന് ചെങ്ങന്നൂരിൽ ജോലിയിൽ പ്രവേശിച്ചു. താൻ എറണാകുളത്ത് ഭാര്യയോടും പെണ്മക്കളോടൊപ്പം സ്ഥിരതാമസമാക്കിയിരിക്കുന്ന വ്യക്തിയാണ്. നിലവിലെ സാഹചര്യത്തിൽ തന്റെ കുടുംബത്തോടൊപ്പം തന്റെ സാന്നിധ്യം അത്യന്താപേക്ഷിതമാണ്. ചെങ്ങന്നൂരിലേക്കുള്ള യാത്ര വളരെ ദൂരെയായതിനാൽ ആയത് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ് ) മൂന്നുവർഷത്തിലധികം തുടർച്ചയായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതിനാൽ തനിക്ക് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാണ് ഡോ. ശിവപ്രസാദിന്റെ ആവശ്യം.

3. ഡോ .ശിവപ്രസാദ് .പി.എസ് ന്റെ വാദഗതി വിശദമായി പരിശോധിച്ചു

ഡോ .ശിവപ്രസാദ് .പി.എസ് 26/06/2008ൽ പത്തനംതിട്ടയിലെ കല്ലൂപ്പാറ സി.എച്ച്.സി യിൽ അസിസ്റ്റന്റ് സർജൻ ആയി ജോലിയിൽ പ്രവേശിച്ചു. 24/05/2012 മുതൽ 16/06/2023 വരെ ടിയാൻ എറണാകുളം ജില്ലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 2023 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ

കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാനെക്കാൾ യോഗ്യതയുള്ള മെഡിക്കൽ ഓഫീസർമാരെ പരിഗണിക്കേണ്ടി വന്നതിനാൽ അപേക്ഷകനെ not opted place ലേക്ക് ( ഇരിഞ്ഞാലക്കുട താലൂക്കാസ്ഥാന ആശുപത്രി ) സ്ഥലംമാറ്റം നൽകേണ്ടി വന്നു . ആയതിനാൽ പൊതുസ്ഥലംമാറ്റത്തിനായുള്ള GO(P) No. 03/2017/P&ARD dtd 25.02.2017 നമ്പർ സർക്കാർ ഉത്തരവിലെ 5 (Viii) ലെ മാർഗ്ഗനിർദേശമനുസരിച്ച് ഹർജിക്കാരൻ മുൻപ് സേവനമനുഷ്ഠിച്ചിരുന്ന പള്ളുരുത്തി താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന 05/05/2018 മുതലുള്ള സ്റ്റേഷൻ സീനിയോറിറ്റി കണക്കാക്കിയാണ് 2024 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാന്റെ ഓപ്ഷൻ ആയ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് പരിഗണിച്ചത്. എന്നാൽ GO(RT) 1770/2024/H&FWD dtd 25/7/2024 നമ്പർ ഉത്തരവ് പ്രകാരം ഹർജിക്കാരന് നാഷണൽ ഹെൽത്ത് മിഷനിൽ എറണാകുളം ജില്ലാ പ്രോഗ്രാം മാനേജർ തസ്തികയിൽ 1വർഷത്തേക്ക് ഡെപ്യൂട്ടേഷൻ ലഭിക്കുകയും ടിയാൻ 01-08-2024-ന് ഡെപ്യൂട്ടേഷൻ പോസ്റ്റിൽ ജോയിൻ ചെയ്തതിനെ തുടർന്ന് 2024 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ പൊതുസ്ഥലംമാറ്റത്തിൽ ടിയാന് അനുവദിച്ചിരുന്ന എറണാകുളം ജനറൽ ആശുപത്രിയിലേക്കുള്ള ഉത്തരവ് റദ്ദ് ചെയ്യുകയും ടി സ്ഥാപനത്തിലേക്ക് യോഗ്യയായ മറ്റൊരു മെഡിക്കൽ ഓഫീസറെ നിയമിക്കുകയും ചെയ്തു .എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ് ) മൂന്നുവർഷത്തിലധികം തുടർച്ചയായി അവിടെ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നതിനാൽ തനിക്ക് എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകണമെന്നാണ് ഹർജിക്കാരന്റെ ആവശ്യം. ഇക്കാര്യം പരിശോധിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ നിലവിൽ ഒഴിവ് ഇല്ല. എറണാകുളം ജനറൽ ആശുപത്രിയിൽ മൂന്നുവർഷത്തിലധികം തുടർച്ചയായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഇപ്പോഴത്തെ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ് ) നെ അടുത്ത

പൊതുസ്ഥലംമാറ്റത്തിൽ മാത്രമേ സ്ഥലം മാറ്റുവാൻ കഴിയുകയുള്ളു.

4. ആയതിനാൽ ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള **Annexure A9 , Annexure A 10** ഹർജികളിലെ ആവശ്യം നിലവിൽ അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ആയത് നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. അടുത്ത പൊതുസ്ഥലംമാറ്റത്തിൽ ഡോ .ശിവകുമാർ .പി.എസ് അപേക്ഷ സമർപ്പിക്കുന്നപക്ഷം ടി അപേക്ഷ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് യോഗ്യതക്കനുസരിച്ച് പരിഗണിക്കുന്നതായിരിക്കും .

5. ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം 1 പ്രകാരമുള്ള വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

Signed by
Reena K J
Date: 05-12-2025 17:48:05

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ .ശിവപ്രസാദ് .പി.എസ്,ജൂനിയർ കൺസൽട്ടൻറ്( പീഡിയാട്രിക്സ് )

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ,കേരള,തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം )
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആ) ആലപ്പുഴ